സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 170 2025 ഒക്ടോബർ 11 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കെഎസ്ആർടിസി ബസിൽ അടുത്തിരുന്ന വിദ്യാർത്ഥിനിയോട് മോശമായി പെരുമാറി, കണ്ടക്ടർ പിടിയിൽ

ഒറ്റപ്പാലം: ബസിനുള്ളിൽ വിദ്യാർത്ഥിനിയോട് അപമര്യാദയായി പെരുമാറിയ കെഎസ്ആർടിസി കണ്ടക്ടർ പിടിയിൽ. പെൺകുട്ടിയുടെ പരാതിയെത്തുടർന്ന് ഒറ്റപ്പാലം പൊലീസാണ് ഇയാളെ കസ്റ്റഡിയിൽ എടുത്തത്. ഗുരുവായൂർ സ്വദേശിനിക്കുനേരെയായിരുന്നു ഈസ്റ്റ് ഒറ്റപ്പാലത്തുവച്ച് അതിക്രമം ഉണ്ടായത്. കഴിഞ്ഞദിവസം രാത്രി കോയമ്പത്തൂരിൽ നിന്ന് ഗുരുവായൂരിലേക്ക് വരികയായിരുന്ന ബസിലായിരുന്നു സംഭവം. വിദ്യാർത്ഥിനിയുടെ അടുത്തിരുന്ന കണ്ടക്ടർ മോശമായി പെരുമാറുകയായിരുന്നു. ഉടൻതന്നെ വിദ്യാർത്ഥിനി പൊലീസിന്റെ ഔദ്യോഗിക നമ്പരിൽ വിളിച്ച് പരാതി അറിയിച്ചു. തുടർന്നാണ് കണ്ടക്ടറെ കസ്റ്റഡിയിലെടുത്തത്. പത്തിരിപ്പാലം സ്വദേശിയായ ഇയാളെ പൊലീസ് ചോദ്യംചെയ്തുവരികയാണ്

ഇന്ന് വീണ്ടും സ്വർണവില ഉയർന്നു

കൊച്ചി: സംസ്ഥാനത്ത് ഇന്നും സ്വർണവില കൂടി. 400 രൂപയാണ് ഒറ്റയടിക്ക് കൂടിയിരിക്കുന്നത്. ഇതോടെ ഇരുപത്തിരണ്ട് കാരറ്റ് ഒരു പവൻ സ്വർണത്തിന് 91,120 രൂപയായി ഉയർന്നു. ഗ്രാമിന് 50 രൂപ കൂടിയതോടെ ഒരു ഗ്രാം സ്വർണത്തിന് 11, 390 രൂപയായി ഉയർന്നു. ജിഎസ്ടിയും പണിക്കൂലിയുമടക്കം ഒരു പവൻ സ്വർണാഭരണം വാങ്ങാൻ പവന് ഒരു ലക്ഷം രൂപയിലധികം നൽകേണ്ടിവരും. വിവാഹം അടുത്തിരിക്കുന്നവരെ സംബന്ധിച്ച സ്വർണ വില വർദ്ധനവ് കനത്ത പ്രഹരമാണ്.

ആഗോള വിപണിയുടെ ചുവടു പിടിച്ച് ഇന്നലെ കേരളത്തിൽ സ്വർണ വിലയിൽ കനത്ത ചാഞ്ചാട്ടമുണ്ടായിരുന്നു. ഇന്നലെ രാവിലെ പവന് 1,360 രൂപ കുറഞ്ഞ് 89,680 രൂപയും ഗ്രാമിന് 170 രൂപ കുറഞ്ഞ് 11,210 രൂപയുമായിരുന്നു. കഴിഞ്ഞ എട്ട് ദിവസങ്ങൾക്കുശേഷമായിരുന്നു സ്വർണ വിലയിൽ ഇടിവ് സംഭവിച്ചത്. എന്നാൽ ഉച്ചയ്ക്ക് ശേഷം 3,995 ഡോളറിലേക്ക് തിരിച്ചുകയറി. കേരളത്തിൽ ഉച്ച കഴിഞ്ഞ് പവന് 1,040 രൂപ ഉയർന്നിരുന്നു. ദീപാവലിക്ക് സ്വർണവില ഒരു ലക്ഷം കടന്നേക്കുമെന്നാണ് സാമ്പത്തിക വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്.

'സർക്കാരിന്റെ ശമ്പളം വാങ്ങി എകെജി സെന്ററിലെ ഉത്തരവ് അനുസരിച്ച് പ്രവർത്തിക്കരുത്'

പൊലീസിനെതിരെ വിഡി സതീശൻ

തിരു : സിപിഎം ക്രിമിനലുകളും അവർക്ക് ഒത്താശ ചെയ്യുന്ന കേരള പൊലീസിലെ ഗുണ്ടകളും ചേർന്നാണ് ഷാഫി പറമ്പിൽ എംപിയെ ക്രൂരമായി മർദിച്ചതെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ. സി.പി.എമ്മിന്റെ ഉത്തരവാദിത്തപ്പെട്ട നേതാക്കൾ തന്നെ ഷാഫിയേയും പരിക്കേറ്റ മറ്റുള്ളവരേയും സൈബറിടങ്ങളിലും അല്ലാതെയും കേട്ടാലറക്കുന്ന ഭാഷയിൽ അധിക്ഷേപിക്കുകയാണ്. ഇതൊന്നും കൊണ്ട് പോരാട്ട വീര്യത്തെ തകർക്കാനാകില്ലെന്ന് വിഡി സതീശൻ കൂട്ടിച്ചേർത്തു.

'പൊലീസ് ഒന്നും ചെയ്തില്ല, ലാത്തിയിൽ തൊട്ടിട്ടേയില്ല എന്നൊക്കെയാണ് കോഴിക്കോട് റൂറൽ എസ്പി അടക്കമുള്ളവർ ഇന്നലെ പറഞ്ഞത്. പച്ചകള്ളം പൊളിക്കുന്ന ദൃശ്യങ്ങളിതാണ്. ഷാഫിയെ ആക്രമിച്ചത് ബോധപൂർവമാണ്. ഇത് കൊണ്ടൊന്നും അയ്യപ്പന്റെ സ്വർണം കട്ട കേസ് ഇല്ലാതാകില്ല. അഴിമതിയും കൊള്ളയും ജന മനസുകളിൽ മായാതെ നിൽക്കും.

രാജാവിനേക്കാൾ വലിയ രാജഭക്തി കാണിക്കുന്ന ചില പൊലീസ് ഉദ്യോഗസ്ഥരുണ്ട്. അവരോടാണ് പറയുന്നത്, സർക്കാരിന്റെ ശമ്പളം വാങ്ങി എകെജി സെന്ററിലെ ഉത്തരവ് അനുസരിച്ച് പ്രവർത്തിക്കരുത്. പ്രത്യാഘാതം ഗുരുതരമായിരിക്കും. കണക്ക് ചോദിക്കാതെ ഒരു കാലവും കടന്ന് പോകില്ലന്നത് മറക്കരുത്'– വിഡി സതീശൻ പറഞ്ഞു.

കഴിഞ്ഞ ദിവസം പേരാമ്പ്രയിൽ യുഡിഎഫ് എൽഡിഎഫ് പ്രകടനം മുഖാമുഖം വന്നതിനെ തുടർന്ന് പൊലീസ് നടത്തിയ ലാത്തിച്ചാർജിലാണ് ഷാഫി പറമ്പിൽ എം.പിയുടെ മൂക്കിന് ഗുരുതര പരിക്കേറ്റത്. മൂക്കിലെ രണ്ട് എല്ലുകൾ തകർന്നു. കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച ഷാഫിയ്ക്ക് ഇന്ന് ശസ്ത്രക്രിയ നടത്തി. ഡിസിസി പ്രസിഡന്റ് കെ. പ്രവീൺകുമാർ, കെഎസ്യു മുൻ സംസ്ഥാന പ്രസിഡന്റ് കെഎം അഭിജിത്ത് എന്നിവരടക്കം 10 യുഡിഎഫ് പ്രവർത്തകർക്കും പരിക്കേറ്റിരുന്നു.

പൊലീസ് കണ്ണീർവാതകം പ്രയോഗിച്ചു. സംഘർഷത്തിനിടെ ചില പൊലീസുകാർക്കും പരിക്കേറ്റു. കഴിഞ്ഞ ദിവസം പേരാമ്പ്ര സികെജി കോളേജിൽ ചെയർമാൻ സ്ഥാനം വിജയിച്ചതിലുള്ള യുഡിഎസ്എഫിന്റെ ആഹ്ളാദ പ്രകടനവുമായി ബന്ധപ്പെട്ടാണ് സംഭവങ്ങളുടെ തുടക്കം. ആഹ്ളാദ പ്രകടനം പൊലീസ് തടഞ്ഞതിനെത്തുടർന്ന് സംഘർഷമുണ്ടായി. ഇതിൽ പ്രതിഷേധിച്ച് യുഡിഎഫ് ഇന്നലെ നടത്തിയ ഹർത്താലിനിടെ എൽഡിഎഫ് ഭരിക്കുന്ന പേരാമ്പ്ര പഞ്ചായത്ത് ഓഫീസ് അടപ്പിക്കാൻ കോൺഗ്രസ് പ്രവർത്തകർ ശ്രമിച്ചത് സംഘർഷത്തിൽ കലാശിച്ചിരുന്നു.

'ഷാഫി പറമ്പിലിന്റെ ചോരക്ക് നാട് മറുപടി പറയും'; വെല്ലുവിളിയുമായി രാഹുൽ മാങ്കൂട്ടത്തിൽ

കോഴിക്കോട്: പേരാമ്പ്രയിൽ യു.ഡി.എഫ് - എൽ.ഡി. എഫ് പ്രകടനത്തെത്തുടർന്ന് പൊലീസ് നടത്തിയ ലാത്തിച്ചാർജിൽ ഷാഫി പറമ്പിൽ എം.പിയുടെ മൂക്കിന് ഗുരുതര പരിക്കേറ്റതിൽ വെല്ലുവിളിയുമായി രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ. ഷാഫി പറമ്പിലിന്റെ ചോരയ്ക്ക് ഈ നാട് മറുപടി പറയുമെന്നാണ് രാഹുലിന്റെ പ്രതികരണം. ഫേസ്ബുക്ക് പോസ്റ്റിലൂടെയാണ് ഇക്കാര്യം പറഞ്ഞത്.

അയ്യപ്പന്റെ സ്വർണ്ണം കട്ടത്ത് മറക്കാനാണ് വിജയന്റെ പൊലീസും വിജയന്റെ പാർട്ടിക്കാരും ഈ ചോര വീഴ്ത്തിയതെങ്കിൽ, പേരാമ്പ്ര മാത്രമല്ല കേരളത്തിൽ തന്നെ വീഴും ഈ കമ്മ്യൂണിസ്റ്റ് സർക്കാർ. ഷാഫി പറമ്പിലിന്റെ ചോരയ്ക്ക് ഈ നാട് മറുപടി പറയും. ഷാഫി പറമ്പിലിനെ രാത്രിയിൽ തന്നെ അടിയന്തിര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കും എന്നാണ് കോഴിക്കോട് ആശുപത്രി അധികൃതർ അറിയിച്ചത്. നിങ്ങൾ ശബരിമലയിൽ നടത്തിയ സ്വർണ്ണ മോഷണം മറയ്ക്കാൻ നിങ്ങൾ പൊടിച്ച ഓരോ തുള്ളി ചോരയ്ക്കും നിങ്ങൾ മറുപടി പറയേണ്ടി വരും ശ്രീ വിജയൻ, പറയിപ്പിക്കും ഈ നാട്.

ലാത്തിച്ചാർജിൽ ഷാഫിയുടെ മൂക്കിലെ രണ്ട് എല്ലുകൾ തകർന്നു. കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച ഷാഫിയ്ക്ക് ഇന്ന് ശസ്ത്രക്രിയ നടത്തുമെന്നാണ് വിവരം. ഡി.സി.സി പ്രസിഡന്റ് കെ. പ്രവീൺകുമാർ, കെ.എസ്.യു മുൻ സംസ്ഥാന പ്രസിഡന്റ് കെ.എം. അഭിജിത്ത് എന്നിവരടക്കം 10 യു.ഡി.എഫ് പ്രവർത്തകർക്കും പരിക്കേറ്റിരുന്നു. സംഘർഷത്തിനിടെ ചില പൊലീസുകാർക്കും പരിക്കേറ്റു.

17,000 കോടിയുടെ തട്ടിപ്പ്: അനിൽ അംബാനിയുടെ റിലയൻസ് പവറിലെ ഉന്നത ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്ത് ഇഡി

ന്യൂഡൽഹി: 17,000 കോടി രൂപയുടെ ബാങ്ക് തട്ടിപ്പ് കേസിൽ അനിൽ അംബാനിയുടെ സഹായി അറസ്റ്റിൽ. അനിൽ അംബാനിയുടെ അടുത്തയാളും റിലയൻസ് പവർ ലിമിറ്റഡിന്റെ സിഎഫ്ഒയുമായ അശോക് കുമാർ പാലിനെയാണ് എൻഫോഴ്സ്മെന്റ് ഡയറക്ടേറ്റ്(ഇഡി) അറസ്റ്റ്ചെയ്തത്. 17,000 കോടി രൂപയുടെ ബാങ്ക് വായ്പ തട്ടിപ്പുമായി ബന്ധപ്പെട്ട കേസിൽ കള്ളപ്പണം വെളുപ്പിക്കൽ നിയമപ്രകാരമാണ് ഇഡിയുടെ നടപടി.

25 വർഷത്തിലേറെ പ്രവൃത്തിപരിചയമുള്ള ചാർട്ടേഡ് അക്കൗണ്ടന്റാണ് അശോക് കുമാർ പാൽ. ഏഴുവർഷത്തിലധികമായി ഇദ്ദേഹം റിലയൻസ് പവറിലെ ചീഫ് ഫിനാൻഷ്യൽ ഓഫീസറാണ്. അനിൽ അംബാനിയുടെ ഉടമസ്ഥതയിലുള്ള റിലയൻസ് ഗ്രൂപ്പ് കമ്പനികൾ നടത്തിയ സാമ്പത്തിക ക്രമക്കേടുകളിലും വായ്പാതുക മറ്റുകമ്പനികളിലേക്ക് ക്രമവിരുദ്ധമായി മാറ്റിയതിലുമാണ് ഇഡി അന്വേഷണം നടത്തുന്നത്.

2017–ലും 2019–ലും യെസ് ബാങ്ക് അനുവദിച്ച വായ്പകളിലെ 3000 കോടിയോളം രൂപ വ്യാജ കമ്പനികളിലേക്കും ഗ്രൂപ്പിലെ മറ്റു കമ്പനികളിലേക്കും ക്രമവിരുദ്ധമായി മാറ്റിയെന്നാണ് ഇഡിയുടെ പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. വായ്പ അനുവദിക്കുന്നതിനായി യെസ് ബാങ്കിന്റെ അന്നത്തെ ഉടമയ്ക്കും അധികൃതർക്കും കൈക്കൂലി നൽകിയതിനും തെളിവുലഭിച്ചിരുന്നു. യെസ് ബാങ്ക് വായ്പയ്ക്ക് അനുമതിനൽകിയതിൽ വലിയ പിഴവുകളുണ്ടായതായും ഇഡി പറയുന്നു. ഇതിനുപിന്നാലെയാണ് അനിൽ അംബാനിയുടെ റിലയൻസ് കമ്യൂണിക്കേഷൻസും സമാനരീതിയിൽ 14,000 കോടി രൂപയുടെ വായ്പ തട്ടിപ്പ് നടത്തിയതായും ഇഡി കണ്ടെത്തിയത്. കേസുമായി ബന്ധപ്പെട്ട് വിവിധയിടങ്ങളിൽ പലതവണകളായി ഇഡി റെയ്ഡ് നടത്തിയിരുന്നു.

'ഇതെല്ലാം ഷാഫിയുടെ ഷോ, വയനാടിനുവേണ്ടി പിരിച്ച പണം ഗർഭഛിദ്രം നടത്താനല്ലേ ഉപയോഗിച്ചത്': വികെ സനോജ്

തിരു : പേരാമ്പ്രയിലെ സംഘർഷം ഷാഫി പറമ്പിൽ എംപി മനഃപൂർവം സൃഷ്ടിച്ച ഷോയാണെന്ന് ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി വികെ സനോജ്. കേരളത്തിൽ യുഡിഎഫ് അകപ്പെട്ട പ്രതിസന്ധിയിൽ നിന്ന് രക്ഷപ്പെടാനാണ് ഇത്തരം ഷോ ഇറക്കുന്നതെന്നും സനോജ് മാദ്ധ്യമങ്ങളോട് പറഞ്ഞു.

'എൽഡിഎഫിന്റെ പ്രതിഷേധത്തിന് നേരെ ഇരച്ചുകയറി സംഘർഷമുണ്ടാക്കുക എന്നതായിരുന്നു ഷാഫിയുടെ ഉദ്ദേശം. പൊലീസുകാർ അല്ല എൽഡിഎഫ് പ്രവർത്തകരായിരുന്നു ഷാഫിയുടെ ലക്ഷ്യം. എൽഡിഎഫ് പ്രവർത്തകരുടെ ആത്മസംയമനംകൊണ്ട് ഷാഫിയുടെ കാഞ്ഞബുദ്ധി നടന്നില്ല. ഇപ്പോൾ ചില വീഡിയോകളിറക്കി ഷാഫിക്ക് നേരെ ആക്രമണമുണ്ടായെന്ന് പ്രചരിപ്പിക്കുകയാണ്. ഇതെല്ലാം ഷാഫിയുടെ ഷോയാണ്. ഇതിന് മുമ്പും ഒരുപാട് ഷോ കാണിച്ചയാളാണല്ലോ ഷാഫി. കേരളത്തിൽ യുഡിഎഫ് അകപ്പെട്ട പ്രതിസന്ധിയിൽ നിന്ന് ഷോ കാണിച്ച രക്ഷപ്പെടാനാണ് ഷാഫിയുടെയും സംഘത്തിന്റെയും ശ്രമം.

പക്ഷേ, ഒന്നും മലയാളികൾ മറക്കില്ല. വയനാടിനുവേണ്ടി യൂത്ത് കോൺഗ്രസുകാർ പിരിച്ച പണമെവിടെ? പിരിച്ചെടുത്ത കോടികൾ ഗർഭഛിദ്രം നടത്താനും ബംഗളൂരുവിലേക്ക് പോകാനും കേസുകൾ ഒതുക്കിത്തീർക്കാനും വേണ്ടിയാണ് ഉപയോഗിച്ചത്. ആളുകൾക്കിതെല്ലാം മനസിലായി. ഇതിൽ നിന്നെല്ലാം രക്ഷപ്പെടാനാണ് പുതിയ നാടകങ്ങൾ ഇറക്കുന്നത്. കേരളത്തിലെ കോൺഗ്രസ് ഷാഫിയുടെ ഫാൻസായി മാറുകയാണ്. എന്തൊരു നാണക്കേടാണിത്. ഷാഫിയും രാഹുലുമടങ്ങുന്ന ക്രിമിനൽ സംഘമാണ്. കേരളത്തിലെ ജനങ്ങൾ ഇതെല്ലാം തിരിച്ചറിയും. കേരളത്തിലെ ഒട്ടുമിക്ക സർവകലാശാലകളിലും കെഎസ്യുവിന് സീറ്റുകൾ നഷ്ടപ്പെടുകയാണ്. ഇതെല്ലാം മറച്ചുപിടിക്കാനാണ് ഷാഫി ഷോ ഇറക്കുന്നത് – വികെ സനോജ് പറഞ്ഞു.

ചൈനയ്ക്കുമേലെയും 100% തീരുവ പ്രഖ്യാപിച്ച് ട്രംപ്; ഷിയുമായുള്ള കൂടിക്കാഴ്ച റദ്ദാക്കുമെന്നും ഭീഷണി

വാഷിങ്ടൺ: അടുത്ത മാസംമുതൽ ചൈനയിൽനിന്നുള്ള ഇറക്കുമതിക്ക് 100 ശതമാനം അധിക തീരുവ പ്രഖ്യാപിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ചില സോഫ്റ്റ്‌വെയറുകൾക്ക് കയറ്റുമതി നിയന്ത്രണമേർപ്പെടുത്തും. നവംബർ ഒന്നുമുതൽ പ്രാബല്യത്തിൽ വരും. ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായുള്ള കൂടിക്കാഴ്ച റദ്ദാക്കുമെന്നും ട്രംപ് ഭീഷണിപ്പെടുത്തി. കൂടിക്കാഴ്ച റദ്ദാക്കിയിട്ടില്ലെന്നും എന്നാൽ അത് നടക്കുമോ എന്ന് തനിക്കറിയില്ലെന്നും പിന്നീട് ട്രംപ് നിലപാടെടുത്തു.

ട്രംപ് ഈവർഷമാദ്യം ചൈനീസ് ഉല്പന്നങ്ങൾക്ക് താരിഫ് വർധിപ്പിച്ചതോടെ ചൈന കയറ്റുമതി നിയന്ത്രണങ്ങൾ ശക്തമാക്കിയിരുന്നു. കാറുകൾ, സ്മാർട്ട്ഫോണുകൾ, മറ്റു പല ഉല്പന്നങ്ങൾ എന്നിവയ്ക്കുപയോഗിക്കുന്ന അപൂർവ ലോഹങ്ങളുടെയും മറ്റു ചില പ്രധാന വസ്തുക്കളുടെയും ഉത്പാദനത്തിൽ ചൈനയ്ക്കാണ് ആധിപത്യം. ഈ വസ്തുക്കളെ ആശ്രയിക്കുന്ന പല യുഎസ് കമ്പനികളും ഇതോടെ വലിയ പ്രതിഷേധവുമായി രംഗത്തെത്തി. വാഹനനിർമാതാക്കളായ ഫോർഡിന് താത്കാലികമായി ഉത്പാദനം നിർത്തിവെയ്ക്കേണ്ട ഗതിവന്നു.

ചൈനയുടെ നടപടിയെയും ട്രംപ് ശക്തമായി എതിർത്തു. ചൈന വളരെ ശത്രുതാപരമായി മാറുന്നു എന്നും ലോകത്തെ തടവിലാക്കാൻ ശ്രമിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു. പിന്നാലെയാണ് ഷി ജിൻപിങ്ങുമായുള്ള കൂടിക്കാഴ്ചയിൽനിന്ന് പിന്മാറുമെന്ന് പറഞ്ഞത്. പിന്നീട് അത് തിരുത്തി നടക്കുമോ എന്ന് തനിക്കറിയില്ലെന്ന് പറഞ്ഞു.

ചൈനീസ് ഉല്പന്നങ്ങൾക്ക് നിലവിൽ 30 ശതമാനം യുഎസ് തീരുവയുണ്ട്. ചൈനയുടെ മറുപടി തീരുവ നിലവിൽ 10 ശതമാനമാണ്. ടിക്ടോക്ക്, കാർഷിക ഉല്പന്നങ്ങൾ വാങ്ങൽ, അപൂർവ ലോഹങ്ങളുടെയും അർദ്ധചാലകങ്ങൾ പോലുള്ള നൂതന സാങ്കേതിക വിദ്യയുടെയും വ്യാപാരം തുടങ്ങിയ വിഷയങ്ങളിൽ ഉദ്യോഗസ്ഥർ നിരവധി ചർച്ചകൾ നടത്തിയിരുന്നു. ഈ മാസം ദക്ഷിണ കൊറിയയിൽ നടക്കുന്ന ഉച്ചകോടിയിൽ ഇരുരാജ്യങ്ങളും തമ്മിൽ വീണ്ടും ചർച്ചകൾ നടത്തുമെന്നായിരുന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നത്.

പോറ്റി കൈക്കലാക്കിയത് 475 ഗ്രാം സ്വർണം; ചെലവ് 3 ഗ്രാം; സ്പോൺസർമാരുടെ പണവും തട്ടി

കൊച്ചി: ശബരിമലയുടെ മറവിൽ ഉണ്ണിക്കൃഷ്ണൻ പോറ്റി ലക്ഷങ്ങൾ സമ്പാദിച്ചെന്ന് സ്ഥിരീകരിച്ച് ദേവസ്വം വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട്. ദ്വാരപാലക ശിൽപ്പപാളികളിൽ സ്വർണം പൂശാനെന്ന പേരിൽ ബെംഗളൂരുവിലെ രണ്ട് പേരിൽ നിന്ന് ഉണ്ണിക്കൃഷ്ണൻ പോറ്റി പണം പിരിച്ചിരുന്നു. ഉണ്ണിക്കൃഷ്ണന് പണവും സ്വർണവും കൊടുത്തെന്ന് ബെംഗളൂരു സ്വദേശികളായ രമേശ് റാവുവും അനന്ത സുബ്രഹ്മണ്യവും വെളിപ്പെടുത്തിയിരുന്നു. എന്നാൽ സ്വർണം പൂശാനായി വെറും 3 ഗ്രാം മാത്രമാണ് ഉണ്ണികൃഷ്ണൻ പോറ്റി സ്വന്തം പണം ഉപയോഗിച്ച് ചെലവഴിച്ചത്. ദേവസ്വം വിജിലൻസിന്റെ അന്വേഷണത്തിലാണ് ഇക്കാര്യം സ്ഥിരീകരിച്ചത്. എന്നാൽ ശബരിമലയുടെ സ്വത്തായ 475 ഗ്രാം അഥവാ അരക്കിലോയോളം സ്വർണം കൈക്കലാക്കുകയും ചെയ്തു. ഇതിന് പുറമേയാണ് സ്പോൺസർമാരിൽ നിന്ന് പിരിച്ച ലക്ഷങ്ങളുടെ നേട്ടവും.

താലിബാൻ മന്ത്രിയുടെ വാർത്താസമ്മേളത്തിൽ വനിതകളെ ഒഴിവാക്കിയതിൽ വിമർശനം

മോദിയുടെ നിലപാടെന്തെന്ന് പ്രിയങ്ക

ന്യൂഡൽഹി: താലിബാൻ വിദേശകാര്യമന്ത്രി അമീർ ഖാൻ മുത്താക്കിയുടെ വാർത്താസമ്മേളനത്തിൽ വനിതാ മാധ്യമപ്രവർത്തകരെ പങ്കെടുപ്പിക്കാതിരുന്ന നടപടിയെ രൂക്ഷമായി വിമർശിച്ച് കോൺഗ്രസ് എംപി പ്രിയങ്കാ ഗാന്ധി വാദ്രയും തൃണമൂൽ കോൺഗ്രസ് എംപി മഹുവാ മൊയിത്രയും. സാമൂഹികമാധ്യമമായ എക്സിലൂടെ ആയിരുന്നു ഇരുവരുടെയും വിമർശനം.

കേന്ദ്രസർക്കാരിനും വിദേശകാര്യമന്ത്രി എസ്. ജയശങ്കറിനുമെതിരേ കടുത്തവിമർശനം ഉന്നയിച്ചുകൊണ്ടായിരുന്നു മഹുവയുടെ പ്രതികരണം. ഇന്ത്യൻ മണ്ണിൽവെച്ച് പൂർണ പ്രോട്ടോക്കോളോടെ, താലിബാൻ വിദേശകാര്യമന്ത്രി അമീർ മുത്താക്കിക്ക് വനിതാ മാധ്യമപ്രവർത്തകരെ ഒഴിവാക്കി പുരുഷന്മാർമാത്രമുള്ള വാർത്താസമ്മേളനം നടത്താൻ അനുമതി നൽകാൻ കേന്ദ്രസർക്കാരിന് എങ്ങനെ ധൈര്യം വന്നുവെന്ന് മഹുവ എക്സിലെ കുറിപ്പിൽ ആരാഞ്ഞു. ഇതിന് സമ്മതിക്കാൻ എസ്. ജയശങ്കറിന് എങ്ങനെ ധൈര്യംവന്നുവെന്നും നട്ടെല്ല് ഇല്ലാത്ത നമ്മുടെ പുരുഷ മാധ്യമപ്രവർത്തകർ എന്തിന് അവിടെ ഇരുന്നുവെന്നും മഹുവ ചോദിച്ചു.

വനിതാ മാധ്യമപ്രവർത്തകരെ ഒഴിവാക്കിയ വിഷയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നിലപാട് വ്യക്തമാക്കണമെന്ന് പ്രിയങ്ക ഗാന്ധി ആവശ്യപ്പെട്ടു.

വ്യാഴാഴ്ചയാണ് അമീർ ഖാൻ മുത്താക്കി പ്രഥമ ഇന്ത്യാസന്ദർശനത്തിന് ന്യൂഡൽഹിയിലെത്തിയത്. വെള്ളിയാഴ്ച വിദേശകാര്യമന്ത്രി എസ്. ജയശങ്കറുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തിയിരുന്നു. ശേഷം ഉച്ചകഴിഞ്ഞ് അഫ്ഗാനിസ്താൻ എംബസിയിൽ മുത്താക്കി നടത്തിയ വാർത്താസമ്മേളനത്തിലേക്ക് വനിതകൾക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. ഇതിനെതിരേ വ്യാപക പ്രതിഷേധം ഉയർന്നിരുന്നു.

എഡിജിപി എംആർ അജിത്കുമാർ ബീവറേജസ് കോർപ്പറേഷൻ ചെയർമാൻ

തിരു:എഡിജിപി എം.ആർ. അജിത് കുമാറിനെ ബീവറേജസ് കോർപ്പറേഷൻ ചെയർമാനായി നിയമിച്ചു. ഇപ്പോൾ വഹിക്കുന്ന എക്സൈസ് കമ്മീഷണർ പദവിക്ക് പുറമേയാണ് ബെവ്കോയുടെ ചെയർമാൻ പദവി കൂടി നൽകിയത്. ബറ്റാലിയിൻ എ.ഡി.ജി.പി ആയിരുന്ന അജിത് കുമാറിനെ രണ്ടു മാസം മുൻപാണ് എക്സൈസ് കമ്മീഷണറായി നിയമിച്ചത്. രണ്ടും എക്സൈസ് വകുപ്പിന് കീഴിലുള്ള പദവികൾ എന്ന നിലയിലാണ് നിയമനമെന്നാണ് സൂചന.

26കാരിയെ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തി; ഭർത്താവ് അറസ്റ്റിൽ

പാലക്കാട്: യുവതിയെ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ ഭർത്താവ് അറസ്റ്റിൽ. പാലക്കാട് ശ്രീകൃഷ്ണപുരത്താണ് സംഭവം. മലപ്പുറം പെരിന്തൽമണ്ണ ആനമങ്ങാട് ചോലക്കൽ വീട്ടിൽ ഉണ്ണികൃഷ്ണന്റെ മകൾ വൈഷ്ണവി (26) ആണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ ഭർത്താവ് ദീക്ഷിത് അറസ്റ്റിലായി.

ഇക്കഴിഞ്ഞ ഒൻപതാം തീയതി ശാരീരിക അസ്വസ്ഥകൾ ഉണ്ടെന്ന് പറഞ്ഞ് ദീക്ഷിത് വൈഷ്ണവിയെ മാങ്ങാട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചിരുന്നു. വിവരം ബന്ധുക്കളെയും അറിയിച്ചു. എന്നാൽ താമസിയാതെ വൈഷ്ണവിയുടെ മരണം സംഭവിച്ചു. യുവതി ശ്വാസം മുട്ടിയാണ് മരിച്ചതെന്നാണ് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പറയുന്നത്.

ഒന്നരവർഷം മുൻപാണ് വൈഷ്ണവിയും ദീക്ഷിതും വിവാഹിതരായത്. വൈഷ്ണവിയെ കൊലപ്പെടുത്തിയത് ഭർത്താവ് തന്നെയാണെന്ന് മണ്ണാർക്കാട് ഡിവൈഎസ്പി പറഞ്ഞു. ചോദ്യം ചെയ്യലിൽ പ്രതി കുറ്റം സമ്മതിച്ചതായും പൊലീസ് വ്യക്തമാക്കി. വൈഷ്ണവിക്ക് മറ്റൊരാളുമായി ബന്ധമുണ്ടെന്ന സംശയമാണ് കൊലപാതകത്തിന് കാരണമെന്നാണ് പൊലീസ് പറയുന്നത്. ദീക്ഷിതിന്റെ വീട്ടിൽ ഫോറൻസിക് സംഘം അടക്കം പരിശോധന നടത്തിയിരുന്നു.

മുഖ്യമന്ത്രിയുടെ മകന് 2023ൽ ഇ.ഡി സമൻസ്; വിവേക് ഹാജരായില്ല; നടപടി കള്ളപ്പണം വെളുപ്പിക്കൽ കേസിൽ

വടക്കാഞ്ചേരി: ലൈഫ് മിഷൻ ഫ്ലാറ്റ് തട്ടിപ്പ് കേസിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ മകനായ വിവേക് കിരണിന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സമൻസ് അയച്ചതിന്റെ രേഖകൾ പുറത്തുവന്നു. 2018–ലെ ലൈഫ് മിഷൻ പദ്ധതിയുടെ മറവിൽ നടന്ന കള്ളപ്പണം വെളുപ്പിക്കൽ, കൈക്കൂലി ഇടപാടുകളുമായി ബന്ധപ്പെട്ട കേസിലാണ് വിവേക് കിരണിനെ ചോദ്യം ചെയ്യാനായി വിളിച്ചുവരുത്തിയത്.

2023 ഫെബ്രുവരി 14–ന് രാവിലെ 10:30–ന് കൊച്ചിയിലെ ഇ.ഡി. ഓഫീസിൽ ഹാജരാകാൻ ആവശ്യപ്പെട്ടുകൊണ്ടായിരുന്നു നോട്ടീസ്. 'വിവേക് കിരൺ സൺ ഓഫ് പിണറായി വിജയൻ ക്ലീഫ് ഹൗസ്, തിരുവനന്തപുരം' എന്ന മുഖ്യമന്ത്രിയുടെ വസതിയുടെ മേൽവിലാസത്തിലാണ് സമൻസ് അയച്ചത്. സമൻസ് ലഭിച്ചിട്ടും വിവേക് കിരൺ ഹാജരായിട്ടില്ല. സാധാരണഗതിയിൽ ഇ.ഡി. വീണ്ടും സമൻസ് അയച്ച് തുടർനടപടികൾ സ്വീകരിക്കാറുണ്ടെങ്കിലും, ഈ കേസിൽ പിന്നീട് ഒരു നടപടിയും ഉണ്ടായില്ല. ആധാർ, പാൻ കാർഡ്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, സ്വന്തം പേരിലും കുടുംബാംഗങ്ങളുടെ പേരിലുമുള്ള സ്വത്തുക്കളുടെ വിവരങ്ങൾ എന്നിവ യടക്കം ഹാജരാകുമ്പോൾ സമർപ്പിക്കേണ്ട രേഖകളുടെ പട്ടികയും സമൻസിനൊപ്പമുണ്ട്.

വിവേക് കിരണിന് സമൻസ് അയച്ച അന്നേ ദ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ചൊവ്വന്നൂർ കൊലപാതകം അന്വേഷണ സംഘത്തിന് കമ്മീഷണറുടെ ആദരം



കുന്നംകുളം:കഴിഞ്ഞദിവസം ചൊവ്വന്നൂരിലെ വാടക ക്വാർട്ടേഴ്സിൽ തമിഴ്നാട് സ്വദേശിയായ യുവാവിനെ കൊലപ്പെടുത്തിയ സംഭവത്തിലെ പ്രതി ചെറുവത്തൂർ സണ്ണിയെ സംഭവം പുറത്തറിഞ്ഞ് ഒരു മണിക്കൂറിനുള്ളിൽ അറസ്റ്റ് ചെയ്യുകയും കൊല്ലപ്പെട്ടയാളെ എത്രയും വേഗം അന്വേഷണത്തിലൂടെ തിരിച്ചറിയുകയും ചെയ്ത പ്രത്യേക അന്വേഷണ സംഘത്തെ ജില്ലാ പോലീസ് കമ്മീഷണർ നകുൽ രാജേന്ദ്ര ദേശ്മുഖ് IPS അനുമോദിച്ചു. തൃശ്ശൂരിൽ കമ്മീഷണറുടെ ചേംബറിൽ വച്ചാണ് കുന്നംകുളം എസിപിയുടെ നേതൃത്വത്തിൽ രൂപീകരിച്ചിരുന്ന 10 അംഗങ്ങൾഉൾക്കൊള്ളുന്ന പ്രത്യേക അന്വേഷണ സംഘത്തെ ഇന്ന് പ്രശസ്തിപത്രം നൽകി ആദരിച്ചത്.

കുന്നംകുളം എസിപി സന്തോഷ് സി ആർ, എസ് എച്ച് ഒ ജയപ്രദീപ്, എസ് ഐ സുകുമാരൻ,എസ് ഐ ജോസ്, നാർക്കോട്ടിക് എസ് ഐ രാകേഷ് പി, സ്പെഷ്യൽ സ്ക്വാഡ് അംഗങ്ങളായ ആശിഷ് കെ കെ, ശരത് എസ്, ഷിഹാബുദ്ദീൻ കെഎസ്, റിജിൽ ദാസ് വൈ എസ്, അബീഷ് പി.എ എന്നിവരാണ് കമ്മീഷണറുടെ മികച്ച സേവനത്തിനുള്ള പ്രശസ്തിപത്രം ഏറ്റുവാങ്ങിയത്.

വലപ്പാട് ഉപജില്ല സ്കൂൾ കലോത്സവം സംഘാടക സമിതി ഓഫീസ് ഉദ്ഘാടനം

വാടാനപ്പിള്ളി: 2025 നവംബർ 3,4,5,6 വലപ്പാട് ഉപജില്ല സ്കൂൾ കലോത്സവം സംഘാടക സമിതി ഓഫീസ് ഉദ്ഘാടനം ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു സുരേഷ് സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂൾ എങ്ങണ്ടിയൂർ സ്കൂളിൽ ഉദ്ഘാടനം ചെയ്തു.വലപ്പാട് ഉപജില്ല ഓഫീസർ കെ.വി.അമ്പിളി അധ്യക്ഷത വഹിച്ചു.സ്കൂൾ മാനേജർ ഫാദർ സജു വടക്കേത്തല അനുഗ്രഹ പ്രഭാഷണം നടത്തി. ബ്ലോക്ക് മെംബർ കെ.ബി സുരേഷ്, ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേഴ്സൺ സുശീല സോമൻ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ സതീഷ് പനയ്ക്കൽ, വികസന കാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേഴ്സൺ ഗീതു കണ്ണൻ, പഞ്ചായത്ത് മെമ്പർമാരായ ഉഷ പുരുഷോത്തമൻ, ഉഷ സുകുമാരൻ, ബാബു ചെമ്പൻ, ശിവദാസ് കെ.ആർ, കെ.എസ് ഹർഷ വർധൻ, സുമയ്യ സിദ്ദിഖ്, സ്കൂൾ പി.ടി.എ പ്രസിഡന്റ് രാധാകൃഷ്ണൻ പുളിഞ്ചോട്, വാടാനാപ്പിള്ളി എസ്. ഐ സി.യു.മുഹമ്മദ് റാഫി ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

വലപ്പാട് ഉപജില്ല വികസന സമിതി അംഗങ്ങളായ എ.എ ജാഫർ, സി.കെ ബിജോയ്, എം.എ സാദിഖ്, ടി.വി വിനോദ്, സെന്റ് തോമസ് ഹയർ സെക്കൻഡറി പ്രിൻസിപ്പാൾ ബെസ്സി സി.സി, വിവിധ സബ് കമ്മറ്റി കൺവീനർമാർ എന്നിവർ സംസാരിച്ചു. ഉപജില്ല കലോത്സവം ജോ. കൺവീനറും സെന്റ് തോമസ് എച്ച്എസ് എച്ച്.എം സോജൻ പി.കെ നന്ദിയും പറഞ്ഞു. വിവിധ സബ് കമ്മിറ്റികളുടെ മീറ്റിംഗും ഉണ്ടായിരുന്നു.

വോട്ടർപട്ടികയിൽ പേര് ചേർക്കൽ

തൃശൂർ: 2025ലെ പഞ്ചായത്ത്, നഗരസഭ തിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടികയിൽ പേര് ചേർക്കലും ഭേദഗതി വരുത്തലും ഒക്ടോബർ 14വരെ. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.sec.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കൂ.

വിയ്യൂർ ഗ്രാമീണവായനശാല നടത്തിയ വനിതവായന മത്സര വിജയികൾക്ക് തൃശൂർ ജില്ലാ ലൈബ്രറികൗൺസിൽ പ്രസിഡന്റ് പ്രൊഫ എം ഹരിദാസ് സമ്മാനങ്ങൾ വിതരണചെയ്ത യോഗത്തിൽ സെക്രട്ടറി പി. ഉദയകുമാർ അധ്യക്ഷത വഹിച്ചു. വിയ്യൂർ സെന്റ് ഫ്രാൻസിസ് സ്കൂൾ ഹെഡ്മിസ്ട്രസ്സ് ദിവ്യ ഐ. ആർ, ധന്യജോസ് എന്നിവർ പ്രസംഗിച്ചു.

നാളത്തെ കേരളം സാംസ്ക്കാരിക സെമിനാർ തൃശൂരിൽ

തൃശൂർ: കേരള സർക്കാരിന്റെ വിഷൻ 20, 31-ഭാഗമായി കേരള സാംസ്ക്കാരിക വകുപ്പ് ഒരുക്കുന്ന സംസ്ഥാനതല സഹിത്യ- സാംകാരിക- കലാകാര സെമിനാർ നവമ്പർ 3ന് തൃശൂർ സംഗീതനാടക അക്കാദമി കെ.ടി.മുഹമ്മദ് സ്മാരക തിയറ്ററിൽ (റീജിയണൽ തിയറ്റർ) നടക്കും.

സാംസ്കാരിക വൈവിധ്യം, മാനവികത, മതേതരത്വം, കേരളം ഇന്നലെ ഇന്ന് നാളെ - നവകേരളം എന്നീ വിഷയങ്ങളിലൂന്നിയായിരിക്കും സെമിനാർ. കൊച്ചിയിൽ നടക്കുന്ന സാംസ്ക്കാരിക കോൺ ക്ലേവിന്റെ മുന്നോടിയായാണ് സെമിനാർ. ആയിരത്തോളം പ്രതിനിധികൾ പങ്കെടുക്കും. മുഖ്യ സാഹിത്യ സാംസ്ക്കാരിക- കലാകാരന്മാർ ചർച്ച നയിക്കും. കേരളത്തിന്റെ പുതിയ സാംസ്ക്കാരിക നയം സെമിനാറിൽ രൂപപ്പെടുത്തും. സാഹിത്യ- സംഗീത നാടക - ലളിത കലാ അക്കാദമികൾക്കാണ് നടത്തിപ്പിന്റെ മുഖ്യ ചുമതല.

സാഹിത്യഅക്കാദമി ഓഡിറ്റോറിയത്തിൽ സാംസ്ക്കാരിക മന്ത്രി സജി ചെറിയാൻ വിളിച്ചു ചേർത്ത സാംസ്ക്കാരിക പ്രവർത്തകരുടെ യോഗം വിപുലമായ സംഘാടക സമിതിക്ക് രൂപം നൽകി. ആറ് ലക്ഷം രൂപയുടെ പ്രാഥമിക ബഡ്ജറ്റ് അംഗീകരിച്ചു. മുന്നോടി മായി വിപുല സാംസ്ക്കാരിക പ്രചാരണ പരിപാടികൾ നടക്കുമെന്ന് , രൂപ രേഖാ വതരണത്തിൽ സംഗീത നാടക അ

ബാങ്ക് തട്ടിപ്പ് പരാതിയിങ്ങനെ

തൃശൂർ: വിവാദ ബാങ്കായ കരുവന്നൂർ സർവിസ് സഹകരണ ബാങ്കിൽ റിട്ട: ജീവനക്കാരന്റെ എക്കൗണ്ടിൽ നിന്നും 16 ലക്ഷം രൂപ കംപ്യൂട്ടർ പരിജ്ഞാനമുള്ള ജീവനക്കാരി തട്ടിയെടുത്തതായി പരാതി.

കരുവന്നൂർ മഴുവൻ ചേരി പറമ്പിൽ എം.കെ.മുരളിയാണ് പരാതിക്കാരൻ . 2021ൽ മാനേജരായി റിട്ടയർ ചെയ്ത ആളാണ് മുരളി. കരുവന്നൂർ മുരിങ്ങോത്തമന കുട്ടൻ ഭാര്യ പാർവതി എന്ന ബാങ്ക് ക്ലർക്കിനെതിരെയാണ് പരാതി നൽകി നിയമ നടപടികൾ സ്വീകരിക്കുന്നതെന്ന് മുരളി വാർത്താ സമ്മേളനത്തിലറിയിച്ചു.

കംപ്യൂട്ടർ അറിവുള്ളതിനാൽ ബാങ്ക് ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ പ്രധാന എക്കൗണ്ടുകൾ കൈകാര്യം ചെയ്യാൻ പാർവതിയെയാണ് ചുമതലപ്പെടുത്തായിരുന്നത്. തന്റെ പാസ്‌വേഡ് ദുരുപയോഗപ്പെടുത്തിയാണ് 2005 മുതൽ പലതവണകളിലായി പണം തട്ടിയതെന്ന് മുരളി പറയുന്നു. യുവതിയുടെ ഭർത്താവ് കുട്ടന്റെ എക്കൗണ്ടിലേക്കാണ് പണം മാറ്റിയത്രെ. ബാങ്കിൽ പരാതിപ്പെട്ടിട്ടും നടപടി ഉണ്ടായില്ല. യുവതിക്കും ബാങ്കിനുമെതിരെ നിയമനടപടികൾ തുടങ്ങിയപ്പോൾ ഭീഷണി ഉണ്ടായതായും മുരളി പരാതിപ്പെടുന്നു.

പരാതിക്കാരൻ മുരളിയും, യുവതിയുടെ ഭർത്താവ് കുട്ടനും പരിചയക്കാരും സി.പി.ഐ.എം പ്രവർത്തകരും മുൻ ഭാരവാഹികളുമാണ്.

കെ.പി. നമ്പൂതിരീസ് ആയുർവേദിക്സ് സ്ഥാപകൻ കൊളത്താപ്പള്ളി പോതായൻനമ്പൂതിരിയുടെ 68-ാം ചരമവാർഷികാചരണം മാനേജിംഗ് ഡയറക്ടർ കെ.ഭവദാസൻഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.

കെ.പി. നമ്പൂതിരിയുടെ 68-ാം ചരമവാർഷികം ആചരിച്ചു

തൃശ്ശൂർ: കെ.പി. നമ്പൂതിരീസ് ആയുർവേദിക്സ് സ്ഥാപകൻ കൊളത്താപ്പള്ളി പോതായൻ നമ്പൂതിരിയുടെ 68-ാം ചരമവാർഷികം ആചരിച്ചു. വടക്കേക്കാട് കൊളത്താപ്പള്ളി മനയിൽ നടന്ന ചടങ്ങ് മാനേജിംഗ് ഡയറക്ടർ കെ. ഭവദാസൻ ഉദ്ഘാടനം ചെയ്തു.

കൊളത്താപ്പള്ളി കൃഷ്ണൻ നമ്പൂതിരി, ടോംയാസ് മാനേജിംഗ് ഡയറക്ടർ തോമസ് പാവറട്ടി, കെ.പി.നമ്പൂതിരീസ് ഡെപ്യൂട്ടി ജനറൽ മാനേജർ വി. നാരായണനുണ്ണി, പ്രൊഡക്ഷൻ മാനേജർ എം മുരളീധരൻ, ഡെപ്പോ മാനേജർ പി. വിജയൻ, കെ. പ്രമോദ് എന്നിവർ സംസാരിച്ചു.

ലോക മാനസികാരോഗ്യ ദിനം ആഘോഷിച്ചു

തൃശൂർ: ലോക മാനസികാരോഗ്യ ദിനം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ വെച്ച് ആഘോഷിച്ചു. ജില്ലാ കളക്ടർ അർജുൻ പാണ്ഡിയൻ ഉദ്ഘാടനം നിർവഹിച്ചു. ഡി എം ഒ, ഡോ ടി പി ശ്രീദേവി അധ്യക്ഷത വഹിച്ചു. ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ കെ ആർ ബേബിലക്ഷ്മി, ഡോ സജീവ് കുമാർ, എച്ച് ഡി സി മെമ്പർമാർ പ്രസംഗിച്ചു. ബോധവൽക്കരണ ക്ലാസ്സ് മെഡിക്കൽ വിദ്യാർത്ഥികളുടെ ഫ്ലാഷ് മൊബ്, ക്വിസ് കോമ്പറ്റിഷൻ, തുടങ്ങിയവയും ഉണ്ടായിരുന്നു.

വെറ്ററിനറി -രാഗമാലിക

തൃശൂർ: ഇന്ത്യൻ വെറ്ററന്റി അസോസിയേഷൻ കേരള ഘടകം. ഒരുക്കുന്ന സംസ്ഥാന തല സർഗ്ഗ സാഹിത്യ കലാമേള (രാഗമാലിക) മണ്ണുത്തി വെറ്ററനറി കോളേജ് വേദികളിൽ നടക്കും.

വിവിധ ജില്ലകളിൽ നിന്നായി 500 വെറ്ററിനറി ഡോക്ടർ പ്രതിഭകൾ കലാമത്സരങ്ങളിൽ പങ്കെടുക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

പുസ്തക പ്രദർശനം, സാഹിത്യ സെമിനാർ തുടങ്ങിയ വ നടക്കും. 11 ന് കാലത്ത് 11 മണിക്ക് ചലച്ചിത്ര സംവിധായകൻ സത്യൻ അന്തിക്കാട് രാഗമാലിക ഉൽഘാടനം ചെയ്തു. ഏഷ്യന്റ് എഡിറ്റർ ഷാജഹാൻ പ്രസംഗിച്ചു. വൈകീട്ട് സമാപന സമ്മേളനത്തിൽ വൈസ് ചാൻസലർ ഡോ. അനിൽ കെ.എസ്. സമ്മാനദാനം നിർവഹിച്ചു.

അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് വഡോ: എം.കെ.പ്രദീപ് കുമാർ , ഡോ അജിത് ബാബു, ഡോ: സുമി ചന്ദ്രൻ ഡോ: സാജിത കെ. പി, ഡോ: കെ.പി.മോഹൻ കുമാർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു

കാറളം പഞ്ചായത്ത് വികസന സന്ദേശ രാഷ്ട്രീയ പ്രചരണ കാൽനട ജാഥ

ഇരിങ്ങാലക്കുട: സിപിഐ കാറളം പഞ്ചായത്ത് വികസന സന്ദേശ രാഷ്ട്രീയ പ്രചരണ കാൽനട ജാഥ കാറളം ആലും പറമ്പിൽ സിപിഐ സംസ്ഥാന കൗൺസിൽ അംഗം വി.എസ് പ്രിൻസ് ഉദ്ഘാടനം ചെയ്തു.

മണ്ഡലം സെക്രട്ടറി എൻ.കെ ഉദയപ്രകാശ്, മുൻ സംസ്ഥാന കൗൺസിൽ അംഗം കെ.ശ്രീകുമാർ, മണ്ഡലം സെക്രട്ടേറിയറ്റ് അംഗം കെ.എസ് ബൈജു, AITUC മണ്ഡലം പ്രസിഡന്റ് റഷീദ് കാറളം, AIYF മേഖല സെക്രട്ടറി ഷാഹിൽ, കാറളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു പ്രദീപ് എന്നിവർ അഭിവാദ്യം ചെയ്തു. ലോക്കൽ സെക്രട്ടറി എം.സുധീർദാസ് അധ്യക്ഷതയും അസി. സെക്രട്ടറി സി.കെ ആരോമൽ സ്വാഗതവും ലോക്കൽ കമ്മിറ്റി അംഗം റോയ് ജോർജ് നന്ദിയും പറഞ്ഞു.

സംസ്ഥാന കലോത്സവം

തൃശൂർ:ഗവ: ടെക്നിക്കൽ ഹൈസ്കൂൾ സംസ്ഥാന കലോത്സവം ജനുവരി രണ്ടാം വാരം തൃശൂരിൽ നടക്കും. സംസ്ഥാന സ്കൂൾ കലോത്സവത്തിന് തൊട്ടു പുറകിലാണ് ടെക്നിക്കൽ കലോത്സവം. സ്വാഗത സംഘം രൂപീകരണയോഗം ഒക്ടോബർ ഇന്ന് കാലത്ത് 11.30ന് തൃശൂർടെക്നിക്കൽ ഹൈസ്കൂളിൽ നടന്നു. മന്ത്രി ഡോ ആർ.ബിന്ദു ഉൽഘാടനം ചെയ്തു. പി.ബാലചന്ദ്രൻ എം. എൽ.എ. അദ്ധ്യക്ഷത വഹിച്ചു. മന്ത്രി കെ. രാജൻ പങ്കെടുത്തു.

സംസ്ഥാനത്തെ 31-ടെക്നിക്കൽ സ്കൂളുകളിൽ നിന്നായി ആയിരത്തോളം പ്രതിഭകൾ കലോത്സവത്തിൽ പങ്കെടുക്കുമെന്ന് തൃശൂർ ടെക്നിക്കൽ സ്കൂൾ സൂപ്രണ്ട് ജയപ്രസാദ് പി. വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ബൈജു സി.ബി; എൻ.ജി.സു വൃതകുമാർ, ശ്രീകുമാർ എസ്. പങ്കെടുത്തു.

ടെക്നോളജി ബോധവത്കരണ ക്യാമ്പ് കാരിക്കടവ് ആദിവാസി കോളനിയിൽ

ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളേജ് ഓട്ടോണമസ് കമ്പ്യൂട്ടർ സയൻസ് വിഭാഗവും ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ വിഭാഗവും സംയുക്തമായി സംഘടിപ്പിച്ച ടെക്നോളജി ബോധവത്കരണ പരിപാടി കാരിക്കടവ് ആദിവാസി കോളനിയിൽ നടന്നു. സമൂഹ്യ വികസനം ലക്ഷ്യമാക്കി സംഘടിപ്പിച്ച പരിപാടിയിൽ

വെള്ളിക്കുളങ്ങര റേഞ്ചിന് കീഴിലുള്ള മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ കാരിക്കടവ് ആദിവാസി ഉന്നതിയിലെ 17 കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റ് വിതരണം നടത്തി. സാങ്കേതിക വിദ്യയിലൂടെ വനവിഭവങ്ങളുടെ വിപണനം എന്ന വിഷയത്തിൽ വിദ്യാർത്ഥികൾ ഉന്നതി നിവാസകളുമായി സംവദിച്ചു.

20 വിദ്യാർത്ഥികളും അഞ്ച് അധ്യാപകരും പങ്കെടുത്ത ക്യാമ്പിൽ, ഉന്നതിയിലെ 53 പേർ പങ്കെടുത്തു.

ക്യാമ്പ് വനസംരക്ഷണ സമിതി പ്രതിനിധികളുടെ സാന്നിധ്യത്തിൽ ബീറ്റ് ഫോറെസ്റ്റ് ഓഫീസർ പ്രവീൺ ഉദ്ഘാടനം ചെയ്തു. പരിപാടിയിലൂടെ ഉന്നതി വാസികൾക്ക് ഡിജിറ്റൽ സൗകര്യങ്ങളുടെ പ്രയോജനങ്ങൾ കൂടുതൽ മനസ്സിലാക്കാനും, സുരക്ഷിതമായ ടെക്നോളജി ഉപയോഗ മാർഗങ്ങൾ അറിയാനും സാധിച്ചു. കാരിക്കടവ് സ്വയംസഹായ സംഘത്തിന്റെ ഓൺലൈൻ വിപണന ശ്രമങ്ങൾ കൂടുതൽ ശക്തമാക്കാനുള്ള പദ്ധതികളും രൂപപ്പെടുത്തി.

ക്യാമ്പ് വിദ്യാർത്ഥികൾക്ക് സാമൂഹിക ഇടപെടലിന്റെയും ഫീൽഡ് അനുഭവത്തിന്റെയും അവസരമായി.

എൽഡിഎഫ് സർക്കാരിന്റെ ജനദ്രോഹ നടപടികൾ അവസാനിപ്പിക്കുക: ബിഎംഎസ്

വിവിധാ വശ്യങ്ങൾ ഉന്നയിച്ച് ബി.എം.എസ്. പ്രവർത്തകർ നടത്തിയ പദയാത്രയുടെ സമാപന സമ്മേളനം തൃശൂർ കോർപ്പറേഷൻ ഓഫീസിന് മുന്നിൽ ഉദ്ഘാടനം ചെയ്തു ബി.എം.എസ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.ജി. ഗോപകുമാർ സംസാരിക്കുന്നു

തൃശൂർ: ഇടതുപക്ഷ ജനാധിപത്യമുന്നണിതൊഴിലാളി വർഗ്ഗത്തിന്റെ പേരിൽ ആണയിട്ട് തുടച്ചയായി അധികാരത്തിൽ വന്ന സർക്കാർ അക്ഷരാർത്ഥത്തിൽ കേരളത്തിനൊരു ബാധ്യതയായി മാറിയിരിക്കുന്നുയെന്ന് ആങ്ങട സംസ്ഥാന വൈസ് പ്രസിഡന്റ് ഇ. ഏ ഗോപകുമാർ. കർഷകരും, തൊഴിലാളികളും, വ്യവസായികളും സർക്കാർ ജീവനക്കാർക്കുപോലും ജീവിതം വളരെ പ്രതിസന്ധിയാണ്. പരമ്പരാഗത തൊഴിൽ മേഖലകളുൾപ്പെടെ വലിയ പ്രതിസന്ധിയിലേക്ക് നീങ്ങിയിരിക്കുകയാണെന്നും ബി എം എസ് സംസ്ഥാന വൈപ്രസിഡന്റ് ഇ ഏ ഗോപകുമാർ അഭിപ്രായപ്പെട്ടു. ഭാരതീയ മസ്ദൂർ സംഘം തൃശ്ശൂർ മേഖല കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ തൊഴിലാളി ക്ഷേമ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിയ തൃശ്ശൂർ കിഴക്കൻ പടിഞ്ഞാറൻ ഉപമേഖലകളിൽ നടത്തിയ പദയാത്രയുടെ സമാപനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. തൃശ്ശൂർ നഗരത്തിലെ പ്രധാന തൊഴിലാളി കേന്ദ്രങ്ങളിലൂടെ കടന്നുപോയി രണ്ടു പദയാത്രകളും തൃശ്ശൂർ കോർപറേഷൻ ഓഫീസ് പരിസരത്ത് പൊതു സമ്മേളനത്തോടെ സമാപിക്കുകയായിരുന്നു. സംസ്ഥാന സർക്കാരിന്റെ തെറ്റായ തൊഴിലാളി ദ്രോഹ നയങ്ങൾക്കെതിരെ വിവിധങ്ങളായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിയ പ്രതിഷേധ പരിപാടികളിൽ വൻ ജന പങ്കാളിത്തമാണ് ഉണ്ടായത്. ക്ഷേമനിധി ആനുകൂല്യങ്ങൾ പോലും ഇല്ലാതാക്കുന്ന തരത്തിലുള്ള സർക്കാരിന്റെ പ്രവർത്തനത്തിനും കോർപറേറ്റ് പ്രീണനത്തിനും എതിരെ സർക്കാർ, ബാങ്ക് ജീവനക്കാർ ഉൾപ്പെടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന തെഴിലാളികൾ പദയാത്രകളിലും പൊതുസമ്മേളനത്തിലും പങ്കെടുക്കുകയുണ്ടായി. ജില്ലാ പ്രസിഡന്റ് വിനോദ്, ജില്ലാ ട്രഷറർ വിപിൻ മംഗലം, സംസ്ഥാന സമിതി അംഗങ്ങളായ കൃഷ്ണൻ, എകെ ഉണ്ണികൃഷ്ണൻ, അച്യുതൻ, ജില്ലാ ഭാരവാഹികളായ പ്രദീപ്, നിത്യ, നരേന്ദ്രൻ, മാത്യുസ്, ഷണ്മുഖൻ, രാമനാരായണൻ, എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

അരുൺ സുരേഷ്, സുമ, ഫെനിക്സ് ഫ്രാൻസീസ്, പ്രവീൺ കൂർക്കഞ്ചേരി, രാജീവ്, വീനസ്, ബേബി പൗലോസ് എന്നിവർ പദയാത്രയ്ക്ക് നേതൃത്വം നൽകി.

ദ്വിദിന ദേശീയ ശിൽപശാല

തൃശൂർ: ഒക്ടോബർ 24 -25 തിയതികളിൽ അമല മെഡിക്കൽ കോളേജിൽ നടത്തുന്ന ബിബ്ലിയോ മെട്രിക്സിലെ ദ്വിദിന ദേശീയ ശിൽപശാലയ്ക്ക് രജിസ്ട്രേഷൻ സ്വീകരിച്ചു തുടങ്ങി. അക്കാദമിക് ലൈബ്രറി അസോസിയേഷന്റെ സഹകരണത്തോടെ നടത്തുന്ന പരിപാടിയിൽ അന്താരാഷ്ട്ര ജേർണലുകളിൽ പേപ്പറുകൾ പ്രസിദ്ധീകരിക്കാനുള്ള വിദ്യകളും സോഫ്റ്റ് വെയർ ടൂളുകളും പരിശീലിപ്പിക്കും.

ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 കോളേജ് - സർവ്വകലാശാല അദ്ധ്യാപകർ, ഗവേഷകർ, ലൈബ്രേറിയന്മാർ എന്നിവർക്ക് പങ്കെടുക്കാം. ഫീസ്: 900 രൂപ. സർട്ടിഫിക്കറ്റ്, ഉച്ച ഭക്ഷണം എന്നിവ നൽകുന്നതാണ്. www.amalaims.org; www. alaindia.org; Contact No: 9961265800

ലോകവയോജന ദിനചരണം

തൃശൂർ: ലോകവയോജന ദിനചാരണത്തിന്റ ഭാഗമായി പൂമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിൽ നടത്തിയ പ്രത്യേക മെഡിക്കൽ ക്യാമ്പ് പൂമംഗലം ഗ്രാമ പഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ കത്രീന ജോർജ്ജ് ഉദ്ഘാടനം ചെയ്തു.

മെഡിക്കൽ ഓഫീസർ Dr. സന്തോഷ്കുമാർ, കൗൺസിലർ അക്ഷയ, ഹെൽത്ത് ഇൻസ്പെക്ടർ കുമാരി. ശിവരഞ്ജിനി, റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ പവിത്രൻ എന്നിവർ സംസാരിച്ചു. ക്യാമ്പിന് ജൂ. ഹെൽത്ത് ഇൻസ്പെക്ടർമാരായ അനിൽ കുമാർ. എം., അശ്വതി, MLSP മാരായ സുമി, ശ്രീമതി. സുകന്യ, ബിന്ദു, പ്രിയ എന്നിവർ നേതൃത്വം നൽകി.

ഭിന്നശേഷിക്കാരെ അവഹേളിച്ച് സംസാരിച്ച മുഖ്യമന്ത്രിയും, ചിത്തരഞ്ജൻ എം എൽ എ യും മാപ്പ് പറയണം : ഡി എ പി സി

തൃശൂർ: ജനങ്ങൾക്ക് മാതൃകയാകേണ്ട മുഖ്യമന്ത്രിയും, പി. ചിത്തരഞ്ജൻ എം എൽ എ യും നിയമസഭയിൽ ഭിന്നശേഷി കാരെ പരിഹസിക്കുന്ന രീതിയിൽ സംസാരിച്ചതിന് ഡിഫറന്റലിഏബിൾഡ് പിപ്പിൾസ് കോൺഗ്രസ്സ് തൃശൂർ ജില്ല കമ്മിറ്റി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

ജില്ല പ്രസിഡണ്ട് പോൾ പുല്ലോക്കാരന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം സംസ്ഥാന വൈ പ്രസിഡണ്ട് പി.പി.ചന്ദ്രൻ ഉൽഘാടനം ചെയ്തു.

ഭിന്നശേഷി കാരെ അപമാനിച്ചതിൽ മാപ്പ് പറഞ്ഞില്ലങ്കിൽ മുഖ്യമന്ത്രിയുടെ വസതിക്കു മുൻമ്പിൽ പ്രതിഷേധ സമരം നടത്തുന്നതിന് യോഗം തീരുമാനിച്ചു.

അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിയമസഭാ സ്പീക്കർക്കും, ഭിന്നശേഷി കമ്മീഷണർക്കും പരാതി നൽകി.

യോഗത്തിൽ സുധീർ ഉലുവാൻ,സതീശൻ പി.എസ്, രജ്ജിത്ത് വാക്യത്ത്, ഉണ്ണികൃഷ്ണൻ പഴേ ത്തെ, വാസുദേവൻ നന്തിപുലം, എന്നിവർ സംസാരിച്ചു.

ചിറ്റിശ്ശേരി സത്യൻ സ്മാരക വായനശാലയുടെ നാലാമത് സത്യൻ സ്മൃതി പുരസ്ക്കാരം നടൻ ടി.ജി.രവിക്ക്

തൃശൂർ: ചിറ്റിശ്ശേരി സത്യൻ സ്മാരക വായനശാലയുടെ നാലാമത് സത്യൻ സ്മൃതി പുരസ്ക്കാരത്തിന് മുതിർന്ന ചലച്ചിത്ര നടൻ ടി.ജി.രവി അർഹനായി. പതിനായിരം രൂപ, ശിൽപ്പം, പ്രശസ്തി പത്രം ഉൾപ്പെടുന്നതാണ് പുരസ്ക്കാരം. അഭിനയ ജീവിതത്തിന്റെ സുവർണജൂബിലി കൊണ്ടാടുന്ന വേളയിലാണ് രവിക്ക് ചിറ്റിശ്ശേരി ഗ്രാമത്തിന്റെ നിറവായി പുരസ്ക്കാരം സമ്മാനിക്കുന്നതെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

നവമ്പർ 30 ന് വായനശാലഅങ്കണത്തിൽ ചേരുന്ന സമ്മേളനത്തിൽ സിനിമാ സംവിധായകൻ സിബി മലയിൽ പുരസ്ക്കാരം സമർപ്പിക്കും. 29, 30 തീയതികളിൽ വായനശാലയുടെ 53-ാം വാർഷികാഘോഷം നടക്കും. കെ.കെ.രാമചന്ദ്രൻ എം.എൽ.എ., മുൻമന്ത്രി സി.രവീന്ദ്രനാഥ് തുടങ്ങിയവർ പങ്കെടുക്കും.

കലാപ്രതിഭകളായ ശശിധരൻ നടുവിൽ, ശ്രീജിത്ത് മൂത്തേടത്ത്, പ്രസീദ ചാലക്കുടി, മനു, ഗിരീഷ് മുരിയാട്, ദിലീപൻ ദീപ്തം, ഗ്രാമങ്ങളിലെ സേവന പ്രവർത്തകരേയും ആദരിക്കും. നാട്ടിലെ കലാകാരന്മാർ അഭിനയിക്കുന്ന നാടകം /കലാപരിപാടികൾ അരങ്ങേറും.

വാർത്താ സമ്മേളനത്തിൽ പ്രസിഡന്റ് എൻ എം. ദിലീപൻ, സെക്രട്ടറി അഡ്വ: ഹരിദാസ് എറവക്കാട്/ഇ.ആർ. ശാസ്ത്ര ശർമ്മൻ/കെ.എ.രാജൻ പങ്കെടുത്തു

കർഷക രക്ഷാ യാത്ര ഇന്ന് മുതൽ 13 വരെ

തൃശൂർ: രക്ഷ വേണം കർഷകന് - എന്ന മുദ്രാവാക്യം ഉയർത്തി കേരള പ്രദേശ് കർഷക കോൺഗ്രസ്സ് സംസ്ഥാന തലത്തിൽ പ്രചാരണ യാത്രകൾ സംഘാടിപ്പിക്കുന്ന് പ്രസിഡന്റ് മാജുഷ് മാത്യു വാർത്താ സമ്മേളനത്തിലറിയിച്ചു.

കേരള സർക്കാർ കർഷകരോട് കാട്ടുന്ന ദ്രോഹത്തിനെതിരെ വരുംതിരഞ്ഞെടുപ്പുകളിൽ ശക്തമയ തിരിച്ചടി നൽകും.

തൃശൂർ ജില്ലാതല പ്രചാരണ ജാഥ 11 മുതൽ 13 വരെ നടക്കും. ചേലക്കര നിന്ന് തുടങ്ങി ചാലക്കുടി പരിയാരത്താണ് സമാപനം.

രവി പോലു വളപ്പിൽ, കെ.എൻ. സജീവൻ, റോയ് കെ. ദേ